സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

January 2026
Vol. 2 Issue 2

പാലൈ
PALAI பாலை
ISSN No: 3049-0316

# നോക്കുവിദ്യ പാവകളിയുടെ സാംസ്കാരിക പരിസരം



**ഡോ. സോണിയ ജോസ് ***

**സംഗ്രഹം**

സംഘകാലം മുതൽ പരിചിതവും ഇന്ന് തെക്കൻ കേരളത്തിലും മധ്യകേരളത്തിലും ജീവിക്കുന്നവരുമായ വിഭാഗമാണ് വേലന്മാർ. ഇവരുടെ കലാരൂപങ്ങളിൽ പ്രസിദ്ധമാണ് നോക്കുവിദ്യ പാവകളി. നാടൻ സംഗീതത്തിന്റെയും താളത്തിന്റെയും അകമ്പടിയോടെ അവതരിപ്പിക്കുന്ന ഈ കലാരൂപം സ്വായത്തമാക്കുക വളരെയധികം ക്ലേശകരമാണ്. ഏതാനും സ്ത്രീകളിൽ ഒതുങ്ങി നിൽക്കുന്ന ഈ കലാരൂപത്തെയും അതിന്റെ സാംസ്കാരിക പശ്ചാത്തലത്തെയും ലേഖനത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

**താക്കോൽവാക്കുകൾ:** നോക്കുവിദ്യ പാവകളി, നാടൻ കലാരൂപങ്ങൾ, വേലൻ സമുദായം, കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യം

ഒരു കൂട്ടായ്മയുടെ സ്വഭാവം കണ്ടെത്തുന്നതിന് വേണ്ടി ഒരു ജനസാമാന്യത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട വസ്തുതകളെ ഫോക്‌ലോറിൽ വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഓരോ നാടിന്റെയും സംസ്കാരത്തിന്റെ ഭാഗമാണ് നാടൻ കലകൾ. പ്രാദേശികവും ഭാഷാപരവുമായ വകഭേദത്തോട് കൂടിയതും ഗ്രാമീണ ജീവിതരീതികളുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നതുമായ ഇത്തരം കലകൾ മുഖ്യധാരാ കലാരൂപങ്ങളെപ്പോലെ കണിശവും വ്യക്തവുമായ നിയമങ്ങൾക്കുള്ളിൽ ഒതുങ്ങുന്നവയല്ല. കലാനുസൃതമായി അവ മാറിക്കൊണ്ടിരിക്കുന്നു. വിനോദങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ജീവിതത്തിന്റെ നാനാ വശങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ജനങ്ങളുടെ സ്വഭാവം മിക്കപ്പോഴും അവരുടെ വിനോദങ്ങളിൽ നിന്നും മനസ്സിലാക്കാനാവുമെന്ന് വാഷിംഗ്ടൺ ഇർവിങ്ങിനെപോലുള്ളവർ അഭിപ്രായപ്പെട്ടിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്.

മനസ്സിന് ഉന്മേഷവും ആഹ്ലാദവും പ്രധാനം ചെയ്യുക എന്നതാണ് നാടൻ കളികളുടെയും വിനോദങ്ങളുടെയും പ്രധാന ഉദ്ദേശ്യം. ഇന്ദ്രിയബോധം അഥവാ അനുഭവജ്ഞാനം വർദ്ധിപ്പിക്കാൻ കളികൾക്കും വിനോദങ്ങൾക്കും കഴിവുണ്ട്. മനുഷ്യൻ അനുഭവിക്കുന്ന സമ്മർദ്ദങ്ങളിൽ നിന്ന് രക്ഷനേടാനുള്ള വഴികളിൽ ഒന്നാണ് നാടൻകലകൾ.


* ഡോ. സോണിയ ജോസ്, അസിസ്റ്റന്റ് പ്രൊഫസർ, പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി, ഇടുക്കി
Ph: 9497324040, Email: soniajose. ek@gmail.com

 ISSN No: 3049-0316


സമൂഹത്തിലെ വൈരുദ്ധ്യങ്ങളുടെ അബോധ തലത്തിലുള്ള സന്തുലനവും നാടൻ കലകളുടെ ധർമ്മമാണ്. നാടൻ കലകൾക്ക്, നാടകങ്ങൾക്ക് സമാനമായ ചില ധർമ്മങ്ങൾ നിർവ്വഹിക്കാനാവുമെന്നും പറയപ്പെടുന്നു. ലെഫ്ലെമിയോനോ വിഷനെപ്പോലുള്ള സാമൂഹ്യശാസ്ത്രജ്ഞൻ നാടൻ കലകളെയും നാടകങ്ങളെയും ബന്ധപ്പെടുത്തി നടത്തിയ പഠനങ്ങൾ ഈ നിരീക്ഷണത്തെ ഉൾക്കൊള്ളുന്നതാണ്.

പത്തൊൻപതാം ശതകത്തിന്റെ തുടക്കത്തിൽത്തന്നെ നാടൻ കലകളെയും വിനോദങ്ങളെയും കുറിച്ചുള്ള പഠനവും ക്രോഡീകരണവും ആരംഭിച്ചിരുന്നു. യൂറോപ്യൻ ദേശീയതയുമായി ബന്ധപ്പെട്ട സ്മാരകങ്ങൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ആലീസ് ബെർത്തയെന്ന സാമൂഹ്യശാസ്ത്രജ്ഞയാണിതിന് തുടക്കം കുറിച്ചത്. അക്കാലത്ത് ഇംഗ്ലണ്ടിലും സ്കോട്ലൻഡിലും പ്രചാരത്തിലുണ്ടായിരുന്ന നാടൻ കളികൾ ഇവർ നേരിട്ടുകണ്ട് മനസ്സിലാക്കിയാണ് വിവരങ്ങൾ ശേഖരിച്ചത്. ഇക്കാലത്തുതന്നെ അമേരിക്കയിൽ വില്യം വെൽസ് ന്യൂവെൽ നടത്തിയ പഠനങ്ങളും ശ്രദ്ധിക്കപ്പെട്ടു. ആധുനിക കാലത്ത് സാങ്കേതിക രംഗത്തുണ്ടായ വളർച്ച നാടൻ കലകളുടെയും വിനോദങ്ങളുടെയും ക്രോഡീകരണത്തിന് ഏറെ സഹായകമാണ്. സമീപകാലത്ത് പല നാടൻ കലകളും വിനോദങ്ങളുമെല്ലാം വീഡിയോ റെക്കോർഡിലാക്കി ശേഖരിക്കപ്പെടുന്നുണ്ട്. ഇത് അവയെ കൂടുതൽ ജനകീയമാക്കി. പ്രാദേശികവും ഭാഷാപരവുമായ തടസ്സങ്ങളെ അതിജീവിക്കാൻ ഇത് കാരണമാകുന്നു.

സംഘകാലം മുതൽ അറിയപ്പെട്ടിരുന്ന ഗോത്രവിഭാഗമാണ് വേലന്മാർ. തൊൽക്കാപ്പിയത്തിലും കുറുന്തൊകൈയിലും ഇവരെക്കുറിച്ച് പുരോഹിതന്മാരായും വൈദ്യന്മാരായുമെല്ലാം പരാമർശിച്ചിരിക്കുന്നു. മഹാവിഷ്ണുവിന് പിണിദോഷം ബാധിച്ചപ്പോൾ അതൊഴിപ്പിക്കുന്നതിന് പരമശിവനും പാർവ്വതിയും വേലനും വേലത്തിയുമായി അവതരിച്ചതാണ് ഇവരുടെ വംശോല്പത്തിയായി പറയപ്പെടുന്നത്. കേരളത്തിൽ തെക്കൻ കേരളത്തിലും മധ്യകേരളത്തിലും ഇവരെ കണ്ടുവരുന്നു. വേലപ്പണിക്കൻ എന്നാണ് ഈ വിഭാഗത്തിൽപെടുന്നവർ ഇന്നറിയപ്പെടുന്നത്. മറ്റ് വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി കൃഷിപ്പണിക്കോ മറ്റു തൊഴിലുകളിലോ ഏർപ്പെടാതെ വംശീയമായ ചില വിദ്യകളുമായാണ് ഇത്തരക്കാർ ഉപജീവനം കണ്ടെത്തിയിരുന്നതെന്ന് കരുതപ്പെടുന്നു. മന്ത്രവാദം, ആഭിചാരം, ബാധയൊഴിപ്പിക്കൽ ഇവയൊക്കെ ഉദാഹരണങ്ങളാണ്. ഇത്തരം ക്രിയകൾ പൊതുവെ പുരുഷന്മാർ അവതരിപ്പിച്ചപ്പോൾ ഇവരുടേതായ കലാരൂപങ്ങൾ കൂടുതലും സ്ത്രീകളായിരുന്നു അവതരിപ്പിച്ചിരുന്നത്. അതിൽ ശ്രദ്ധേയമാണ് നോക്കുവിദ്യ പാവകളി. വ്യത്യസ്ത രീതിയിൽപ്പെട്ട ഈ പാവകളി ഓണത്തിനോടനുബന്ധിച്ച് വേലൻ സമുദായത്തിൽപ്പെട്ട സ്ത്രീകൾ മാത്രം അവതരിപ്പിക്കുന്ന ഒരു വിനോദകലയാണ്. നോട്ടത്തിന്റെ ഏകാഗ്രതയിൽ പാട്ടുകളുടെയും താളവാദ്യത്തിന്റെയും അകമ്പടിയോടെ പലതരം പാവകളെ അവതരിപ്പിച്ചുകൊണ്ടു നടത്തുന്ന മൂക്കുകൊണ്ടുള്ള ഒരു അഭ്യാസപ്രകടനമാണിത്. മൂക്കിനും ചുണ്ടിനുമിടയിൽ വെച്ച്, കമുകിൻതടി ചെത്തിയെടുത്തുണ്ടാക്കിയ



കനം കുറഞ്ഞ ഒരു അലകുകഷണത്തിൽ പാവകളെ വെച്ചുകൊണ്ടാണിത് നടത്തുന്നത്. നിലത്ത് പായയിൽ കാലു നീട്ടിയിരുന്ന് സ്ത്രീകളാണ് ഇതവതരിപ്പിക്കുന്നത്. പാട്ടിനും തുടിയുടെ താളത്തിനുമൊത്ത് കലാകാരി നിലത്തിരുന്ന് കഴുത്ത് പുറകോട്ടു മലർത്തി മൂക്കിനും ചുണ്ടിനുമിടയിലുള്ള സ്ഥലത്ത് പാവകളെ ഉറപ്പിക്കുന്നു. പാട്ടിന്റെ വിഷയത്തിനനുസരിച്ചുള്ള പാവകളെ നേർത്ത നൂലുകൾ ഉപയോഗിച്ച് കൈകൾക്കൊണ്ട് നിയന്ത്രിച്ചാണ് ചലിപ്പിക്കുന്നത്.

ആലുംകിളി, മുത്തുക്കുടാരം, നാഗപ്പത്തി, ഇടിയൻ, അറപ്പുകാരൻ, ചെറുവില്ല് ഇവയൊക്കെ പാവ കൂടാതെയുള്ള മറ്റു ചില രൂപങ്ങളാണ്. ശ്രീരാമൻ, ഹനുമാൻ, രാവണൻ തുടങ്ങിയ നിരവധി പുരാണ കഥാപാത്രങ്ങൾ ഇതിൽ പാവകളായി പ്രത്യക്ഷപ്പെടുന്നു.

ഏകാഗ്രത വളരെയധികം ആവശ്യമായ നോക്കുവിദ്യപാവകളി ദീർഘനാളത്തെ പരിശ്രമംകൊണ്ടാണ് സ്വായത്തമാക്കുന്നത്. ഓരോ രൂപവും മാറിമാറി ഉറപ്പിച്ച് നൂലുകൊണ്ട് അവയെ ചലിപ്പിച്ച് അവതരിപ്പിക്കുമ്പോൾ കളിയുമായി ബന്ധപ്പെട്ട മനോഹരമായ ഗാനങ്ങൾ സവിശേഷമായ ഈണത്തിൽ പാട്ടുകാർ

പാടിക്കൊണ്ടിരിക്കും. വലിയ ഗാനശകലങ്ങൾക്കു പകരം അവതരിപ്പിക്കുന്ന കഥ ഈരടികളായി പാടുന്ന രീതിയാണ് കണാനാവുന്നത്. ലളിതമായി അർഥം വ്യക്തമാകുന്ന രീതിയിലാണവ അവതരിപ്പിക്കുന്നത്.

പാട്ടുകൾ മിക്കവയും രാമായണം, മഹാഭാരതം തുടങ്ങിയവയാണ് ആധാരം. ചുരുക്കമായി നാടൻപാട്ടുകളും. ഗണപതിയെ സ്തുതിച്ചുകൊണ്ടാണ് പാവകളി ആരംഭിക്കുന്നത്. ഉദാഹരണം:

“ഗണപതി ഭഗവാൻ വരമരുളേണം
ഗണപതി ഭഗവാൻ വരുമരുളേണം
പച്ചവിളക്കിനു കൈയത്തൊഴുന്നോൻ
ലക്ഷ്മി ഭഗവതി തുണ ചെയ്തിടുക
സരസ്വതിദേവി വിളയാടി
പച്ചവിളക്കിനു നാമമിഹം”

രാമായണത്തിലെ രാമരാവണയുദ്ധം പാവകളിയിൽ അവതരിപ്പിക്കാറുണ്ട്. കൃഷ്ണൻ, ദ്രൗപതി, വാസുകി തുടങ്ങിയവരെ സ്തുതിച്ചുകൊണ്ടുള്ള പാട്ടുകളും കാണാനാവും. കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ഗാനങ്ങളും പാവകളിയിലുണ്ട്.

“ഒരു കയ്യാലരുമ്പുലക്ക
എടുക്കുവാനരുതാഞ്ഞു
ഇരുകയ്യാലിരുമ്പുലക്ക
എടുത്തേ നാഥ
കയ്യോ കുഴയുന്നു
മെയ്യോ തളരുന്നു
ദേഹമോ കുഴയുന്നു”......

നോക്കുവിദ്യ പാവകളിയിൽ ഉപയോഗിക്കുന്ന പ്രമേയങ്ങൾ വിശകലനം ചെയ്താൽ, പ്രധാനമായും പൗരാണിക ഇതിഹാസങ്ങളെ ഉപജീവിച്ചതും കാർഷിക സംസ്കൃതിയുമായി ബന്ധപ്പെട്ടവയുമാണെന്ന് കാണാനാവും. ആദ്യകാലങ്ങളിൽ വേലൻ സമുദായത്തിൽപ്പെട്ട സ്ത്രീകൾ നമ്പൂതിരി ഭവനങ്ങളിലെത്തി അവിടുത്ത അന്തേവാസികൾക്കായി പാവകളി അവതരിപ്പിക്കുകയായിരുന്നു പതിവ്. എന്നാൽ ഇന്ന് ഉത്സവത്തിനോട് അനുബന്ധിച്ചും ഓണക്കാലങ്ങളിലുമാണ് നടത്താറ്. ഭക്തിയുടെ അംശത്തേക്കാൾ അത്ഭുത രസത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. കാണികളോടു നേരിട്ട് സംവദിക്കുന്ന രീതിയിലാണിത് രൂപപ്പെടുത്തിയിരിക്കുന്നത്.



പാവകൾക്ക് ആദ്യകാലത്ത് വസ്ത്രങ്ങൾ ധരിപ്പിക്കില്ലായിരുന്നു. പിന്നീട് കഥാപാത്രത്തിനനുസരിച്ച് കടുംവർണ്ണത്തിൽ പലതരത്തിലുള്ള പട്ടുതുണികൾ ഉപയോഗിച്ച് വസ്ത്രങ്ങൾ ധരിപ്പിച്ചു തുടങ്ങി . ഇത് പാവകളി കൂടുതൽ ആകർഷകമാക്കിത്തീർത്തു.

കൈമണിയും മൃദംഗവുമാണ് വാദ്യോപകരണങ്ങളായി ഇന്ന് പാവകളിയ്ക്ക് ഉപയോഗിക്കുന്നത്. പണ്ട് പറയും തുടിയും ഉപയോഗിച്ചിരുന്നു. ഓടുകൊണ്ട് വൃത്താകൃതിയിൽ വാർത്തുണ്ടാക്കുന്ന കൈമണി ഒരുതരം ഘന വാദ്യമാണ്. പരിശീലനത്തിന്റെ കാഠിനതയും വംശീയ സ്വഭാവവുമാവാം മറ്റു നാടൻ കലകളെപ്പോലെ നോക്കുവിദ്യ പാവകളി ജനകീയമാകാതെ പോകാൻ കാരണമെന്ന് കരുതാനാവും. ഈ കലയുടെ അവതാരക എന്ന നിലയിൽ കോട്ടയം മുഴിക്കൽ പങ്കജാക്ഷിയമ്മ എന്ന കലാകാരിക്ക് പത്മശ്രീ പുരസ്കാരം ലഭിച്ചിരുന്നു. സമകാലിക സംഭവങ്ങൾ ചേർത്ത് പാവകളിയെ പങ്കജാക്ഷിയമ്മയുടെ ഭർത്താവ് ശിവരാമൻ പരിഷ്കരിച്ചു. പങ്കജാക്ഷിയമ്മയ്ക്ക് ശേഷം കൊച്ചുമകളായ കെ.എസ്. രഞ്ജിനി പാവകളി വശത്താക്കിയിട്ടുണ്ട്. ഭക്തിയ്ക്ക് പ്രാധാന്യം നൽകുന്ന രീതിയിലാണ്

 ISSN No: 3049-0316 

സമകാലികമായി പാവകളി കൂടുതലും ചിട്ടപ്പെടുത്തുന്നത്. ഉത്സവങ്ങളുമായി ബന്ധപ്പെട്ടാണ് ഏറെയും അവതരിപ്പിക്കപ്പെടുന്നത്. രഞ്ജിനി മഹാവിഷ്ണുവിന്റെ അവതാരങ്ങളെ കഥാപാത്രമാക്കി പാവകളെ ഒരുക്കാനുള്ള പണിപ്പുരയിലാണിപ്പോൾ.

കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ അധികം ശ്രദ്ധ പതിയാത്ത കലാരൂപമായി നോക്കുവിദ്യ പാവകളിയും അവശേഷിക്കുന്നു. ജനങ്ങളുടെ ഉള്ളറകളിലേക്ക് വേരോട്ടമുള്ള കലാരൂപമെന്ന നിലയിൽ പാവകളിക്ക് തീർച്ചയായും സാമൂഹികമായ നിരവധി സാധ്യതകളുണ്ട്. സാമൂഹികവും സാംസ്കാരികവും കലാപരവുമായി നോക്കുവിദ്യ പാവകളി എന്ന ഈ കലാരൂപത്തിന് മൂല്യമുണ്ട്. പ്രാദേശികത കുറവുള്ള കലാരൂപമെന്ന നിലയിൽ എല്ലാവർക്കും ആസ്വാദ്യകരമാണിത്. ഈ കലാരൂപം സംരക്ഷിക്കപ്പെടേണ്ടത് തീർച്ചയായും അത്യന്താപേക്ഷിതമാണ്.

### സഹായക ഗ്രന്ഥങ്ങൾ

1. ഗോപാലകൃഷ്ണൻ പി. കെ.,കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012.

### ആവേദകർ

1. പങ്കജാക്ഷിയമ്മ, മൂഴിക്കൽ, മോനിപ്പള്ളി കോട്ടയം. ഫോൺ 9846344227
2. രഞ്ജിനി, കെ. എസ്. മൂഴിക്കൽ, മോനിപ്പള്ളി കോട്ടയം. ഫോൺ - 9846344227
3. ചെമ്പകക്കുട്ടി, ആലഞ്ചേരിക്കുന്നിൽ, കോട്ടയം.